**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---


**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2018 ഒക്ടോബർ 10 ബുധൻ**


---

# നെഹ്റുട്രോഫീ ജലോത്സവ മത്സരവള്ളംകളി: യോഗം 16ന്

ആലപ്പുഴ: നവംബർ 10ന് നടക്കുന്ന നെഹ്റുട്രോഫീ ജലോത്സവ മത്സരവള്ളംകളിക്ക് മുന്നോടിയായി ക്യാപ്റ്റൻമാർക്കും ലീഡിങ് ക്യാപ്റ്റൻമാർക്കും ക്ലബുകളുടെ ഭാരവാഹികൾക്കും ഉള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ജലോത്സവം ചിട്ടയായും, ഭംഗിയായും നടത്തുന്നതിനും റേസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ആലപ്പുഴ വൈ.എം.സി.എ ഓഡിറ്റോറിയത്തിൽ ഒക്ടോബർ 16ന് ഉച്ചകഴിഞ്ഞ് മൂന്നിന് യോഗം ചേരും. ഈ വർഷം നെഹ്റുട്രോഫി ജലോത്സവത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വള്ളങ്ങളുടെയും ക്യാപ്റ്റൻമാരും ലീഡിങ് ക്യാപ്റ്റൻമാരും ക്ലബുകളുടെ ഭാരവാഹികളും പങ്കെടുക്കണമെന്ന് ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഇൻഫ്രാസ്ട്രക്ചർ കമ്മറ്റി കൺവീനറുമായ കെ.പി. ഹരൻബാബു അറിയിച്ചു.

# നെഹ്റുട്രോഫി വള്ളംകളി; പന്തലിന് ക്വട്ടേഷൻ വിളിച്ചു

ആലപ്പുഴ: 66-ാമത് നെഹ്റുട്രോഫി മത്സര വള്ളംകളിയോടനുബന്ധിച്ചുള്ള പന്തൽ, പവലിയൻ, ഗ്യാലറി, വുഡൻജെട്ടി, പ്ലാറ്റ്ഫോം, ടവർ മുതലായവയുടെ നിർമ്മാണവും മറ്റനുബന്ധപ്രവൃത്തികളും ഉൾപ്പെടെ മൂന്ന് പ്രവൃത്തികളുടെ ക്വട്ടേഷൻ ഷെഡ്യൂളുകൾ ഒക്ടോബർ 16ന് ഉച്ചയ്ക്ക് 12.30 വരെ ഇറിഗേഷൻ വകുപ്പ് ഓഫീസിൽ നിന്നും വിതരണം ചെയ്യും. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30 വരെ പൂരിപ്പിച്ച ക്വട്ടേഷനുകൾ സ്വീകരിക്കുകയും വൈകിട്ട് നാലിന് ക്വട്ടേഷനുകൾ ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ തുറക്കും. പ്രവൃത്തിപരിചയം തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം നൽകണം. ഇലക്ട്രിക്കൽ വർക്കിന് ലൈസൻസും പ്രവൃത്തികൾ ചെയ്തു തീർത്ത സാക്ഷ്യ പത്രവും പരിഗണിച്ച് മാത്രമേ ക്വട്ടേഷൻ ഉറപ്പിക്കുകയുള്ളു. ക്വട്ടേഷനുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എക്സിക്യൂട്ടീവ്

എഞ്ചിനീയർ, (എൻ.ടി.ബി.ആർ-2018 ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി കൺവീനർ) ഇറിഗേഷൻ ഡിവിഷൻ ആലപ്പുഴയുടെ കാര്യാലയത്തിൽ നിന്നും ലഭിക്കും.

# ചേന്ദമംഗലത്തിന്റെ ചേക്കുട്ടി പാവകളെ ഏറ്റെടുത്ത് നീർക്കുന്നം ഗവ യു.പി സ്കൂൾ

ആലപ്പുഴ: പ്രളയത്തിൽ നശിച്ച ചേന്ദമംഗലം കൈത്തറി പുനസ്ഥാപിക്കാനുള്ള ചേക്കുട്ടി പാവകളുടെ നിർമാണം ആലപ്പുഴയിലും.ആലപ്പുഴ നീർക്കുന്നം എസ്.ഡി.വി ഗവ യു.പി എസ്സിലെ നൂറോളം വരുന്ന വിദ്യാർഥികളാണ് ചേക്കുട്ടിപാവകളുടെ നിർമാണം ഏറ്റെടുത്തത്. വിദ്യാർഥികൾക്കുള്ള പരിശീലനവും സ്കൂളിൽ നടന്നു.
ചേറിനെ അതിജീവിച്ച കുട്ടി എന്നർഥമുള്ള ചേക്കുട്ടിപ്പാവകളുടെ നിർമാണത്തിലൂടേയും വിൽപ്പനയിലൂടെയും ലഭിക്കുന്ന മുഴുവൻ തുകയും പ്രളയത്തിൽ നശിച്ചുപോയ ചേന്ദമംഗലം കൈത്തറിയുടെ പുനസ്ഥാപനത്തിനാണ് ഉപയോഗിക്കുന്നത്. നെയ്ത്തുഗ്രാമത്തിന് കൈത്താങ്ങാകാനാണ് ഈ ദൗത്യത്തിൽ നീർക്കുന്നം ഗവ.സ്കൂളും പങ്കാളിയായത്. ഓണക്കാലത്ത് വിൽപ്പനയ്ക്ക് തയ്യാറാക്കിവച്ചിരുന്ന ചേന്ദമംഗലം കൈത്തറി വസ്ത്രങ്ങളും തുണികളും ഇഴകളും പ്രളയ സമയത്ത് വെള്ളവും ചേറും കയറി നശിച്ചുപോയിരുന്നു. ഈ തുണികൾ ഉണക്കി വൃത്തിയാക്കിയാണ് ചേക്കുട്ടി പാവകൾ നിർമിക്കുന്നത്. ഒരു കൈത്തറി സാരിയിൽ നിന്ന് 350ഓളം ചേക്കുട്ടി പാവകൾ നിർമിക്കാനാകും. 25 രൂപാ നിരക്കിലാണ് ചേക്കുട്ടി പാവകൾ വിൽക്കുന്നത്. ഒരു മുണ്ടിൽ നിന്ന് 200ഓളം ചേക്കുട്ടി പാവകൾ നിർമിക്കാനാകുമെന്നതും നേട്ടമാണെന്ന് ആർ.പി.എഫ് അസി.കമ്മീഷണർ മുഹമ്മദ് ഹനീഫ് പറഞ്ഞു. നീർക്കുന്നം സ്കൂളിൽ നിന്ന് 700ഓളം പാവകൾ നിർമിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതും വിൽപ്പനയ്ക്കായി നൽകും. ചേക്കുട്ടി പാവനിർമാണത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകുമെന്ന് പരിശീലനം കാണാനെത്തിയ ജില്ലാ കളക്ടർ എസ്.സുഹാസ് പറഞ്ഞു. സ്കൂൾ പ്രിൻസിപ്പൽ മധുകുമാർ എസ്., എസ്.എം.സി ചെയർമാൻ ഐ.ഷെഫീഖ്, മാതൃസംഗമം പ്രസിഡൻറ് എസ്.സുമ തുടങ്ങിയവർ പങ്കെടുത്തു.

# പലിശ രഹിത വായ്പ വിതരണ ഉദ്ഘാടനം ഇന്ന് മന്ത്രി നിർവഹിക്കും

ആലപ്പുഴ : അമ്പലപ്പുഴ തെക്ക്-വടക്ക് കുടുംബശ്രീ യൂണിറ്റുകൾ വഴി കാക്കാഴം നീർക്കുന്നം സർവീസ് സഹകരണ ബാങ്ക് നൽകുന്ന പലിശരഹിത വായ്പയുടെ വിതരണ ഉദ്ഘാടനം ഇന്ന് (ഒക്ടോബർ11) വൈകുന്നേരം 4

മണിക്ക് നീർക്കുന്നം എൻ.എസ്.എസ്.ഹാളിൽ പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും.പ്രളയത്തിൽ സർവ്വവും നഷ്ടമായവർക്ക് ജീവിതവും ജീവനോപാധികളും തിരികെ നൽകുന്നതിന്റെ ഭാഗമായി കേരളസർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായാണ് കുടുംബശ്രീകൾ വഴി പലിശരഹിത വായ്പ നൽകുന്നത്.
ചടങ്ങിൽ നീർക്കുന്നം സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എ. ഓമനക്കുട്ടൻ അധ്യക്ഷത വഹിക്കും. നീർക്കുന്നം സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ബി.ശ്രീകുമാർ ,അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കൽ, അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത്, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുലാൽ,ജില്ല സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റർ ജി.ശ്രീകുമാർ, അമ്പലപ്പുഴ വടക്ക് സി.ഡി. എസ്.ചെയർപേഴ്സൺ റീന സന്തോഷ്, അമ്പലപ്പുഴ തെക്ക് സി.ഡി. എസ്. ചെയർപേഴ്സൺ രാധ ഓമനക്കുട്ടൻ എന്നിവർ ആശംസകൾ നേരും.

# നല്ല ആരോഗ്യ ശീലത്തിനായി പുഞ്ചിരിക്കാം: സ്മൈൽ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന്

ആലപ്പുഴ: നല്ല ആരോഗ്യ ശീലത്തിലേയ്ക്ക് സമൂഹത്തെ നയിക്കുക എന്ന ലക്ഷ്യത്തോടെ ജില്ല മെഡിക്കൽ ഓഫീസിന്റെയും ജില്ല പോലീസിന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആരോഗ്യ ജാഗ്രത പരിപാടിയായ സ്മൈൽ പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം ഇന്ന് നടക്കും.സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയിലൂടെ വിദ്യാർത്ഥികളിലും അവരിലൂടെ പൊതുജനങ്ങളിലും ശരിയായ ആരോഗ്യ ശീലങ്ങൾ എത്തിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കി പകർച്ച വ്യാധി പ്രതിരോധിക്കലുമാണ് പരിപാടിയുടെ ആശയം.

സ്റ്റുഡന്റ്സ് മൂവ്മെന്റ് ടു ഇമ്പ്രൂവ് ലിവിങ് എൻവയോൺമെന്റ് എന്നതിന്റെ ചുരുക്ക രൂപമാണ് സ്മൈൽ. വിദ്യാർഥികളിലൂടെ ആരോഗ്യപൂർണമായ ജീവിതം നേടിയെടുക്കുക എന്നതാണ് ഇതിന്റെ അർത്ഥം.ഇതിന്റെ ഭാഗമായി ജില്ലയിലെ 52 സ്കൂളുകളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ സ്വന്തം വീട്ടിലും അവർക്ക് കഴിയാവുന്നത്ര വീടുകളിലും സന്ദർശിച്ച് ബോധവൽക്കരണം നടത്തും. ഇതിനായി എസ്.പി.സി പദ്ധതി നിലവിലുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർ, പരിശീലനം ലഭിച്ച ചാർജ് അധ്യാപകർ, പോലീസ് ഓഫീസർ, ആരോഗ്യ പ്രവർത്തകർ, എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനവും മാർഗനിർദേശങ്ങളും നൽകും.തുടർന്ന് കുട്ടികൾ അവരവരുടെ വീടുകളിലും മറ്റു വീടുകളിലും സ്ഥിരമായി നിരീക്ഷണം നടത്തണം.ഈ വീടുകളിൽ ആഴ്ചയിൽ ഒരിക്കൽ കൊതുകിന്റെ ഉറവിട നശീകരണപ്രവർത്തനം നടക്കുന്നു എന്നും

വിദ്യാർഥികൾ ഉറപ്പുവരുത്തും. ഇന്ന് രാവിലെ(ഒക്ടോബർ11) 10 മണിക്ക് ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ ആലപ്പുഴ ലജനത്തുൽ മുഹമ്മദിയ ഹയർസെക്കൻഡറി സ്കൂളിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ ജില്ല വനിത ശിശു ആശുപത്രി സൂപ്രണ്ട് സി.മുരളീധരൻ പിള്ള സ്വാഗതം ആശംസിക്കും. മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ് അധ്യക്ഷത വഹിക്കും. ജില്ല പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.ടി.മാത്യു മുഖ്യപ്രഭാഷണം നടത്തും. നാർക്കോട്ടിക് ഡിവൈ.എസ്.പി. എ. നസിം ലോഗോ പ്രകാശനം ചെയ്യും.ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല ,ജില്ല വിദ്യാഭ്യാസ ഉപ ഡയറക്ടർ കെ.സി.ജയകുമാർ, വാർഡ് കൗൺസിലർ സജിത ഫൈസൽ,സ്കൂൾ മാനേജർ എ. എം.നസീർ എന്നിവർ ചടങ്ങിൽ ആശംസകൾ നേരും.ആരോഗ്യ വകുപ്പ് ജില്ല മാസ്സ് മീഡിയ ഓഫീസർ സുജ പി.എസ് കൃതജ്ഞത രേഖപ്പെടുത്തും.

# ഒരു വീട്ടിൽ നിന്ന് ഒരു പുസ്തകം: ഹരിപ്പാട് ബ്ലോക്ക് തല സംഘാടകസമിതിയായി

ആലപ്പുഴ: ജില്ലയിൽ പ്രളയം ബാധിച്ച ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ സമാഹരിച്ചു നൽകുന്നതിനായി ഗാന്ധി ജയന്തി വരാഘോഷ ജില്ലാ തല സമിതിയും ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പാക്കുന്ന 'ഒരു വീട്ടിൽ നിന്ന് ഒരു പുസ്തകം' ജില്ലാതല പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് ബ്ലോക്ക് തല സംഘാടകസമിതി രൂപീകരിച്ചു. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന സംഘാടക സമിതി യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു കൊല്ലശ്ശേരി അധ്യക്ഷത വഹിച്ചു. ഒക്ടോബർ 25ന് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും പരമാവധി പുസ്തകങ്ങൾ ശേഖരിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ രക്ഷാധികാരിയായ ജില്ലാതല സംഘാടക സമിതിക്ക് നൽകാനും യോഗം തീരുമാനിച്ചു. ഇതിന്റെ മുന്നോടിയായി ഒക്ടോബർ 15ന് ഗ്രാമപഞ്ചായത്തുകളിലെ വാർഡ് തലങ്ങളിൽ യോഗം ചേരും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥർ എന്നിവരും ഓരോ പുസ്തകം വീതം ഈ പദ്ധതിയിലേക്ക് നൽകും. ഹരിപ്പാട് നിയോജക മണ്ഡലം എം.എൽ.എയും പ്രതിപക്ഷ നേതാവുമായ രമേശ് ചെന്നിത്തലയിൽ നിന്നും പുസ്തകം സ്വീകരിച്ച് ബ്ലോക്ക് തലത്തിലെ പ്രവർത്തനങ്ങൾക്ക് തുടക്കമിടുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ഓഫീസ് അസിസ്റ്റന്റ് എഡിറ്റർ കെ.എസ്. സുമേഷ് പദ്ധതി വിശദീകരിച്ചു.ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബിജു കൊല്ലശ്ശേരി ചെയർമാൻ ആയും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എസ്. സുരേഷ്കുമാറിനെ കൺവീനർ ആയും യോഗം തിരഞ്ഞെടുത്തു. ജില്ലാ പഞ്ചായത്ത്

അംഗങ്ങളായ ജോൺ തോമസ്, രമ്യാ രമണൻ, ബബിതാ ജയൻ, ബ്ലോക്കിനു കീഴിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, എ.ഇ.ഒ. ഷാജി കെ.വി., ഗ്രന്ഥശാല സമിതി പ്രസിഡന്റ് ജി. സന്തോഷ്കുമാർ, സെക്രട്ടറി സി.എൻ.എൻ. നമ്പി, സി.ഡി.എസ്. ചെയർപേഴ്സൺമാർ, എന്നിവർ അംഗങ്ങളായ സംഘാടക സമിതിയാണ് രൂപീകരിച്ചത്. ചെറുതന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രത്നകുമാരി, രാജേഷ് എം.എൽ.എ.യുടെ പ്രതിനിധി സഞ്ജയ് നാഥ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീജിത്ത് എന്നിവർ സംസാരിച്ചു.

# കരാർ നിയമനം

ആലപ്പുഴ: ഗവ. മെഡിക്കൽ കോളജ് ജനറൽ മെഡിസിൻ വിഭാഗത്തിൽ ഒഴിവുള്ള നാല് ലക്ചറർ തസ്തികയിൽ ഒരു വർഷത്തേക്ക് ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. എം.ബി.ബി.എസ് യോഗ്യതയും രജിസ്ട്രേഷനും ഉള്ളവർ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം ഇവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 17ന് രാവിലെ 11ന് പ്രിൻസിപ്പാളിന്റെ ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. ഈ നിയമനം താൽക്കാലികവും നിയമന കാലാവധി ഒരു വർഷമോ അല്ലെങ്കിൽ സ്ഥിരം നിയമനം ലഭിച്ചവർ ചുമതലയേൽക്കുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ ആയിരിക്കും.

# ജില്ല ആശുപത്രി ചെങ്ങന്നൂരിൽ കരാർ നിയമനം

ആലപ്പുഴ: ജില്ലയിൽ ആരോഗ്യ വകുപ്പിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ജില്ല ആശുപത്രി ചെങ്ങന്നൂരിൽ ആരംഭിക്കുന്ന ഡി- അഡിഷൻ സെന്ററിലേക്ക് ഒരു വർഷത്തേക്ക് കരാർ നിയമനം നടത്തുന്നു.തസ്തിക, യോഗ്യത, എന്ന ക്രമത്തിൽ ചുവടെ: മെഡിക്കൽ ഓഫീസർ:, എം.ബി.ബി.എസ്, സൈകാട്രിയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് മുൻഗണന, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്: ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ/പി.ജി.ഡി.സിപി, ആർ.സി.ഐ രജിസ്ട്രേഷനുണ്ടായിരിക്കണം, സൈക്ക്യാട്രിക്ക് സോഷ്യൽ വർക്കർ : സൈകാട്രിക് സോഷ്യൽ വർക്കിൽ എം.ഫിൽ/പി.ജി.ഡി.പി.എസ്.ഡബ്ളിയു. ഒഴിവുകൾ ഒരെണ്ണം. അഭിമുഖം ഒക്ടോബർ 15 രാവിലെ ഒമ്പതു മണി. യോഗ്യതയുള്ള അപേക്ഷകർ അസൽ സർട്ടിഫിക്കറ്റും പകർപ്പുമായി ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം) ഹാജരാകണം. ഫോൺ: 0477-225 1650.

# ഔദ്യോഗികഭാഷ ജില്ലാതല ഏകോപനസമിതി യോഗം

ആലപ്പുഴ: ഔദ്യോഗികഭാഷ ജില്ലാതല ഏകോപനസമിതി യോഗം ഒക്ടോബർ 26ന് രാവിലെ 11.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

# നഗരസഭ, സ്റ്റാന്റിങ് കമ്മറ്റി തിരഞ്ഞെടുപ്പ്

ആലപ്പുഴ: നഗരസഭ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാന്റെ ഒഴിവിലേക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 16ന് രാവിലെ 10നും ഡപ്യൂട്ടി ചെയർപേഴ്സൺ ഒഴിവിലേക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ 24ന് രാവിലെ 11നും ആലപ്പുഴ മുനിസിപ്പാലിറ്റി കോൺഫറൻസ് ഹാളിൽ നടത്തും.

# വൈദ്യുതി മുടങ്ങും

ആലപ്പുഴ: കാർത്തിക പള്ളി സെക്ഷൻ പരിധിയിൽ തൃക്കുന്നപുഴ കാർത്തികപള്ളി ഭാഗങ്ങളിൽ 11ന് ( വ്യാഴാഴ്ച) രാവിലെ 9 മുതൽ വൈകിട്ട് അഞ്ചുവരെ വൈദ്യുതി മുടങ്ങും.

# ആരോഗ്യ സാക്ഷരത പരിപാടിയും സൗജന്യ മെഡിക്കൽ ക്യാമ്പും

ആലപ്പുഴ: പി.എൻ.പണിക്കർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ സാക്ഷരതാ പരിപാടിയും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നു. ശനിയാഴ്ച രാവിലെ പത്തിന് കരുമാടി കെ.കെ.കുമാരപിള്ള സ്മാരക ഹൈ സ്കൂളിൽ നടക്കുന്ന ക്യാമ്പിന്റെ ഉദ്ഘാടനം മന്ത്രി ജി.സുധാകരൻ നിർവഹിക്കും. തകഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അംബികാ ഷിബു അധ്യക്ഷയാകും. ജില്ലാ പഞ്ചായത്തംഗം ബിനു ഐസക് രാജു മുഖ്യ പ്രഭാഷണം നടത്തും.